# മൂക്കുതല കണ്ണേങ്കാവ് ക്ഷേത്രം




ക്ഷേത്രോൽപ്പത്തിയെക്കുറിച്ചുള്ള പ്രധാന എതിഹ്യം താഴെ പറയും പ്രകാരമാണ്. ശങ്കരാചാര്യസ്വാമികൾ തന്റെ ദേശാടനകാലത്ത് ഇവിടെ എത്തിയപ്പോൾ അഭൗമവും ദിവ്യവുമായ ഒരു പ്രകാശം കാണുവാനിടയായി. ആ അത്ഭുതജ്യോതിസ്സ് എന്താണെന്ന് തിരിച്ചറിയാനായി തേജഃപ്രഭാവം കാണപ്പെട്ട സ്ഥലത്തെ ഒരു പാറമേലിരുന്ന് ആചാര്യ സ്വാമികൾ തപസ്സുചെയ്യുവാൻ തുടങ്ങി. ആദ്യം പരമേശ്വര രൂപത്തിലും പിന്നീട് നരസിംഹമൂർത്തി, ദുർഗ്ഗ, ഭദ്രകാളി എന്നീ രൂപത്തിലും ധ്യാനിക്കുകയും ആ രൂപങ്ങളിലെല്ലാം സ്വാമികൾക്ക് ദർശനം ലഭിക്കുകയും ചെയ്തു. എന്നാൽ ആദ്യം കണ്ട തേജസ്സിന് അൽപംപോലും കുറവുള്ളതായി അദ്ദേഹത്തിന് തോന്നിയില്ല. ഈ തേജസ്സ് ഒരിക്കലും അവസാനിക്കാത്ത എന്നെന്നും നിലനിൽക്കുന്ന പരാശക്തിയാണെന്നറിഞ്ഞ് അദ്ദേഹം തപസ്സവസാനിപ്പിച്ചു. പ്രത്യക്ഷപ്പെട്ട മൂർത്തികളെയൊക്കെ അവിടെയെത്തിയ ബ്രാഹ്മണരുടെ സഹായത്തോടെ ആചാര്യസ്വാമികൾ സമീപസ്ഥലങ്ങളിൽ പ്രതിഷ്ഠിച്ചു. ആദ്യം ക തേജസ്സിനെ പരാശക്തി അഥവാ മൂലപ്രകൃതി എന്ന് സങ്കൽപ്പിച്ച് പൂജിക്കാമെന്ന ആചാര്യസ്വാമികളുടെ ഉപദേശമനുസരിച്ച് പൂജിച്ചുതുടങ്ങി. ശിവനെ പ്രതിഷ്ഠിച്ച സ്ഥലം രക്തേശ്വരം എന്ന പേരിലും, നരസിംഹമൂർത്തിയെ പ്രതിഷ്ഠിച്ച സ്ഥലം കൊളഞ്ചേരി എന്ന പേരിലും, ഭദ്രകാളിയെ പ്രതിഷ്ഠിച്ച സ്ഥലം കണ്ണേങ്കാവ് എന്ന പേരിലും അറിയപ്പെടുന്നു. സ്വയം ഭൂവായി വിഗ്രഹം പ്രത്യക്ഷപ്പെട്ട പരാശക്തിയുടെ ക്ഷേത്രം മേലേക്കാവ് എന്ന പേരിലും അതിന്റെ വടക്കുഭാഗത്തായി ദുർഗ്ഗയെ പ്രതിഷ്ഠിച്ച സ്ഥലം കീഴെക്കാവ് എന്ന പേരിലും അറിയപ്പെടുന്നു.